വ്യാജ റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച കേസ്

47 (1790) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കിയത് സംബന്ധിച്ച് ശ്രീ. മുഹമ്മദ് ഹനീഫ പാലാട്ട് പരാതിക്കാരനായി തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ സമർപ്പിച്ച 2010-ലെ സി.എം.പി. 182-ാം നമ്പർ കേസിൽ പരാതി സംബന്ധിച്ച് വിജിലൻസ് ഡയറക്ടർ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഏത് തീയതിക്കകം റിപ്പോർട്ട് നൽകണമെന്നാണ് കോടതി ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവിൻപ്രകാരം വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത റിപ്പോർട്ട് വൈകുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത കേസിൽ എത്രയും പെട്ടെന്ന് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8-3-2010-നകം.

(സി-ഇ) ടി കോടതി ഉത്തരവ് 10.12.2010-ൽ മാത്രമാണ് വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്തി എത്രയും പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കുവാൻ മലപ്പുറം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ പോലീസ് അനാസ്ഥ

48 (1791) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തര വകുപ്പുമന്ത്രിയുടെ കുറിപ്പോടുകൂടി നൽകുന്ന അപേക്ഷകളിൽപോലും പോലീസ് യഥാസമയം യാതൊരു നടപടികളും കൈക്കൊള്ളുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമൂഹ്യവിരുദ്ധരുടെ ശല്യം സംബന്ധിച്ച് നേതാജി നഗർ റസിഡന്റ്സ് അസോസിയേഷൻ നൽകുകയും 19-8-2009-ൽ നമ്പർ 8825/09 പ്രകാരം മന്ത്രി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകുകയും നടപടി കൈക്കൊള്ളുന്നതിനായി കമ്മീഷണർ മ്യൂസിയം പോലീസിന് കൈമാറുകയും ചെയ്ത അപേക്ഷയിന്മേൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ;

(സി) നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(ഡി) അടിയന്തിര നടപടി കൈക്കൊണ്ട് വിവരം റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകുമോ ;

(ഇ) ഇത്തരത്തിൽ അനാസ്ഥ കാണിക്കുന്നവരുടെ പേരിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തിരുവനന്തപുരം ജില്ലാകളക്ടറുടെ കത്തിന്മേൽ നടപടി

49 (1792) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാകളക്ടർ 29-8-2009-ൽ എസ്സ്11/65375/09-ാം നമ്പർ കത്തിലൂടെ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നൽകിയത് ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ മ്യൂസിയം പോലീസിന് കൈമാറിയ പ്രസ്തുത കത്തിൽ മ്യൂസിയം പോലീസ് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ ഏതെല്ലാം നിർദ്ദേശം നാളിതുവരെ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെങ്കിൽ അടിയന്തിര നടപടി കൈക്കൊള്ളുവാൻ നിർദ്ദേശം നൽകുമോ ;

(എഫ്) കളക്ടർ ആവശ്യപ്പെട്ട നടപടികൾ കൈക്കൊണ്ട് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly